# 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

2022 ഡിസംബർ 8 -ാം തീയതി സമർപ്പിച്ചത്

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ)
ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും
റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

1575/2022.

# ഉള്ളടക്കം

| | | പേജ് |
|---|---|---|
| 1. ഘടന | .. | v |
| 2. റിപ്പോർട്ട് | .. | 1 |
| 3. അനുബന്ധം I : | | |
| വിയോജനക്കുറിപ്പ് - 1 | .. | 5 |
| വിയോജനക്കുറിപ്പ് - 2 | .. | 7 |
| വിയോജനക്കുറിപ്പ് - 3 | .. | 9 |
| 4. അനുബന്ധം II : | | |
| സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. | 11 |

# സബ്ജക്ട് കമ്മിറ്റി VI

# (വിദ്യാഭ്യാസം)

# (2021-2023)

**ഘടന**

<u>അദ്ധ്യക്ഷൻ</u>

ശ്രീ. വി. ശിവൻകുട്ടി,
പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u>

ഡോ. ആർ. ബിന്ദു,
ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി.

ശ്രീ. വി. എൻ. വാസവൻ,
സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u>

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. എം.എസ്.അരുൺ കുമാർ

ശ്രീ. ടി.വി. ഇബ്രാഹിം

ശ്രീ. ടി.ഐ. മധുസൂദനൻ

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീ. കെ.എം. സച്ചിൻദേവ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. എം. വിജിൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി ബിന്ദു എസ്.എൽ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം.എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

## 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കയച്ച 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ (ബിൽ നമ്പർ 150) സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ 2022 ഡിസംബർ 2-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2022 ഡിസംബർ 7-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേ ദിവസം തന്നെ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2022 ഡിസംബർ 7-ാം തീയതി വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I, ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV എന്നിവയുമായി സംയുക്തയോഗം ചേർന്ന് പ്രസ്തുത ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

<u>ഖണ്ഡം 2</u>

(i) (എ) ഉപഖണ്ഡത്തിൽ (1<u>ഡി</u>) ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്,—

"(1 <u>ഡി</u>) ചാൻസലർക്ക്, സർക്കാരിന് രേഖാമൂലം രാജി സമർപ്പിക്കാവുന്നതാണ് ".

(ii) (ബി) ഉപഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്.

"(ബി) 11-ാം വകുപ്പിൽ (16)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

(16) വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് ഒരു താൽക്കാലിക ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-ചാൻസലറുമായി കൂടിയാലോചിച്ച്, വൈസ്-ചാൻസലർ അയാളുടെ കർത്തവ്യങ്ങൾ പുനരാരംഭിക്കുന്ന തീയതി വരെ, വൈസ്-ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.".

ഖണ്ഡം 3

(i) (എ) ഉപഖണ്ഡത്തിൽ (1 ഡി) ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്,—

"(1 ഡി) ചാൻസലർക്ക്, സർക്കാരിന് രേഖാമൂലം രാജി സമർപ്പിക്കാവുന്നതാണ് ".

(ii) (ബി) ഉപഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ് .

"(ബി) 33-ാം വകുപ്പിൽ (11)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

(11) വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് ഒരു താൽക്കാലിക ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-ചാൻസലറുമായി കൂടിയാലോചിച്ച്, വൈസ്-ചാൻസലർ അയാളുടെ കർത്തവ്യങ്ങൾ പുനരാരംഭിക്കുന്ന തീയതി വരെ, വൈസ്-ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.".

ഖണ്ഡം 4

(i) (എ) ഉപഖണ്ഡത്തിൽ (1 ഡി) ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്,—

"(1 ഡി) ചാൻസലർക്ക്, സർക്കാരിന് രേഖാമൂലം രാജി സമർപ്പിക്കാവുന്നതാണ് ".

(ii) (ബി) ഉപഖണ്ഡത്തിൽ (ii)-ാം ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്.

"(ii) (9)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

(10) വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് ഒരു താൽക്കാലിക ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-ചാൻസലറുമായി കൂടിയാലോചിച്ച്, വൈസ്-ചാൻസലർ അയാളുടെ കർത്തവ്യങ്ങൾ പുനരാരംഭിക്കുന്ന തീയതി വരെ, വൈസ്-ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.".

ഖണ്ഡം 5

(i) (എ) ഉപഖണ്ഡത്തിൽ (1 ഡി) ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്,—

"(1 ഡി) ചാൻസലർക്ക്, സർക്കാരിന് രേഖാമൂലം രാജി സമർപ്പിക്കാവുന്നതാണ് ".

(ii) (ബി) ഉപഖണ്ഡത്തിൽ (ii)-ാം ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ് .

"(ii) (7)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

(7 എ) വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് ഒരു താൽക്കാലിക ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-ചാൻസലറുമായി കൂടിയാലോചിച്ച്, വൈസ്-ചാൻസലർ അയാളുടെ കർത്തവ്യങ്ങൾ പുനരാരംഭിക്കുന്ന തീയതി വരെ, വൈസ്-ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.".

ഖണ്ഡം 6

(i) (എ) ഉപഖണ്ഡത്തിൽ (1 ഡി) ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്,—

"(1 ഡി) ചാൻസലർക്ക്, സർക്കാരിന് രേഖാമൂലം രാജി സമർപ്പിക്കാവുന്നതാണ് ".

(ii) (ബി) ഉപഖണ്ഡത്തിൽ (ii)-ാം ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്.

"(ii) (6)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

(6 എ) വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് ഒരു താൽക്കാലിക ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-ചാൻസലറുമായി കൂടിയാലോചിച്ച്, വൈസ്-ചാൻസലർ അയാളുടെ കർത്തവ്യങ്ങൾ പുനരാരംഭിക്കുന്ന തീയതി വരെ, വൈസ്-ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.".

ഖണ്ഡം 7

(i) (എ) ഉപഖണ്ഡത്തിൽ (1 ഡി) ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്,—

"(1 ഡി) ചാൻസലർക്ക്, സർക്കാരിന് രേഖാമൂലം രാജി സമർപ്പിക്കാവുന്നതാണ് ".

(ii) (ബി) ഉപഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്.

"(ബി) 11-ാം വകുപ്പിൽ (10)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

(10) വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് ഒരു താൽക്കാലിക ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-ചാൻസലറുമായി കൂടിയാലോചിച്ച്, വൈസ്-ചാൻസലർ അയാളുടെ കർത്തവ്യങ്ങൾ പുനരാരംഭിക്കുന്ന തീയതി വരെ, വൈസ്-ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.".

4. മറ്റ് ഭേദഗതികൾ ആനുഷംഗികമോ ഘടനാപരമോ ആണ്.

5. വിയോജനക്കുറിപ്പും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും അനുബന്ധമായി ചേർത്തിരിക്കുന്നു.

വി.ശിവൻകുട്ടി,

*അദ്ധ്യക്ഷൻ ,*

*സബ്ജക്ട് കമ്മിറ്റി VI.*

തിരുവനന്തപുരം,

2022 ഡിസംബർ 7.

## അനുബന്ധം I

## വിയോജനക്കുറിപ്പ് -1

2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബില്ലിന്റെ ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യുന്ന കുസാറ്റ് നിയമത്തിലെ വകുപ്പ് 8(1)(c) യിൽ, പുതിയതായി നിയമിക്കപ്പെടുന്ന ചാൻസലറുടെ കാര്യാലയം സർവ്വകലാശാലയുടെ ആസ്ഥാനത്തായിരിക്കും എന്നും സർവ്വകലാശാല പ്രസ്തുത കാര്യാലയത്തിന്റെ സുഗമപരമായ പ്രവർത്തനത്തിന് ആവശ്യമായ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നൽകണമെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു.

പ്രസ്തുത വ്യവസ്ഥകൾ പ്രകാരം ചാൻസലറുടെ കാര്യാലയത്തിനും അവിടെ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്കും വേണ്ടി സർവ്വകലാശാല ഫണ്ടിൽ നിന്നും പണം വിനിയോഗിക്കേണ്ടതായി വരുന്നതാണ്.

യൂണിവേഴ്സിറ്റി ഫണ്ടിൽ സർക്കാർ നൽകുന്ന ഗ്രാന്റും ഉൾപ്പെടുന്നുണ്ട്.

ഈ സാഹചര്യത്തിൽ ബിൽ നിയമമാകുമ്പോൾ യൂണിവേഴ്സിറ്റി ഫണ്ടിൽ നിന്നും ഉണ്ടാകാവുന്ന ആവർത്തകവും അനാവർത്തകവുമായ ചെലവ് സംബന്ധിച്ച ഒരു സ്റ്റേറ്റ്മെന്റ് ധനകാര്യമെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തേണ്ടത് അനിവാര്യമാണ്.

എന്നാൽ അവ്യക്തമായ ധനകാര്യമെമ്മോറാണ്ടമാണ് ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

സമാനമായ വ്യവസ്ഥകളാണ് മറ്റു സർവ്വകലാശാല നിയമങ്ങളിലും ഉൾപ്പെടുത്തിയിട്ടുള്ളത്.

ബില്ലിൽ ചാൻസലർക്ക് യോഗ്യത നിശ്ചയിച്ചിട്ടില്ല. സർവ്വകലാശാലകളുടെ ചാൻസലർ പദവിയിലേയ്ക്ക് ബന്ധപ്പെട്ട മേഖലയിൽ നിന്നല്ലാത്ത ഏതൊരാളിനെയും നിയോഗിക്കാവുന്ന വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

അവധാനതയില്ലാതെ തയ്യാറാക്കിയതിനാൽ നിയമപരമായി അവ്യക്തതകൾ ഉള്ള ബില്ലിനോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** (ഒപ്പ്)

**ടി. വി. ഇബ്രാഹിം** (ഒപ്പ്)

**ഷാഫി പറമ്പിൽ** (ഒപ്പ്)

## വിയോജനക്കുറിപ്പ് -2

ബില്ലിന്റെ ഖണ്ഡം 3 പ്രകാരം ഭേദഗതി ചെയ്യുന്ന വകുപ്പ് 33(1)(c) യിൽ, പുതിയതായി നിയമിക്കപ്പെടുന്ന ചാൻസലറുടെ കാര്യാലയം സർവ്വകലാശാലയുടെ ആസ്ഥാനത്തായിരിക്കുമെന്നും സർവ്വകലാശാല പ്രസ്തുത കാര്യാലയത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നൽകണമെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു.

പ്രസ്തുത വ്യവസ്ഥകൾ പ്രകാരം ചാൻസലറുടെ കാര്യാലയത്തിനും അവിടെ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്കും വേണ്ടി സർവ്വകലാശാല ഫണ്ടിൽ നിന്നും പണം വിനിയോഗിക്കേണ്ടതായി വരുന്നതാണ്. ബിൽ നിയമമാകുമ്പോൾ യൂണിവേഴ്സിറ്റി ഫണ്ടിൽ നിന്നും ഉണ്ടാകാവുന്ന ആവർത്തകവും അനാവർത്തകവുമായ ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല.

ബില്ലിന്റെ ഖണ്ഡം 3(എ) പ്രകാരം പകരം ചേർക്കുന്ന വകുപ്പ് 31(1) അനുസരിച്ച് സർവ്വകലാശാലയുടെ ചാൻസലറെ നിയമിക്കുന്നത് സർക്കാർ ആണ്. അതായത് നിയമന അധികാരി മന്ത്രിസഭയാണ്.

ഫിഷറീസ് സർവ്വകലാശാല നിയമത്തിലെ വകുപ്പ് 32(3) പ്രകാരം ഫിഷറീസ് വകുപ്പ് മന്ത്രിയാണ് പ്രസ്തുത സർവ്വകലാശാലയുടെ പ്രോ-ചാൻസലർ. പ്രസ്തുത നിയമത്തിന്റെ വകുപ്പ് 32(2), 32(3) എന്നിവ താഴെപ്പറയും പ്രകാരം പരാമർശിക്കുന്നു.

"(2) ചാൻസലറുടെ അഭാവത്തിലോ അദ്ദേഹത്തിന് പ്രവർത്തിക്കാൻ കഴിയാത്ത അവസരത്തിലോ സർവ്വകലാശാലയുടെ ബിരുദദാന സമ്മേളനങ്ങളിൽ ആദ്ധ്യക്ഷം വഹിക്കുന്നതുൾപ്പെടെ ചാൻസലറുടെ എല്ലാ അധികാരങ്ങളും പ്രോ-ചാൻസലർ വിനിയോഗിക്കേണ്ടതും എല്ലാ ചുമതലകളും നിർവ്വഹിക്കേണ്ടതുമാണ്.

(3) ചാൻസലർ രേഖാമൂലമുള്ള ഉത്തരവിനാൽ പ്രോ-ചാൻസലർക്ക് ഏൽപ്പിച്ചു കൊടുക്കുന്ന ചാൻസലറുടെ അങ്ങനെയുള്ള അധികാരങ്ങൾ കൂടി പ്രോ-ചാൻസലർ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള ചുമതലകൾ കൂടി നിർവ്വഹിക്കേണ്ടതും അപ്രകാരമുള്ള ഏൽപ്പിച്ചു കൊടുക്കൽ അപ്രകാരമുള്ള ഉത്തരവിൽ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള നിയന്ത്രണങ്ങൾക്കും നിബന്ധനകൾക്കും വിധേയമാകാവുന്നതുമാണ്."

അതായത് ചാൻസലറുടെ നിയമന അധികാരിയായ മന്ത്രി, ചാൻസലർ delegate ചെയ്തു നൽകുന്ന അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കുവാൻ ബാധ്യസ്ഥനായി തീർന്നിരിക്കുന്നു. വകുപ്പ് 32(3) പ്രകാരമുള്ള power delegation-ന്റെ നിയമ സാധുതയിൽ അവ്യക്തതയുണ്ട്.

ബില്ലിൽ ചാൻസലർക്ക് യോഗ്യത നിശ്ചയിച്ചിട്ടില്ല. സർവ്വകലാശാലയുടെ ചാൻസലർ പദവിയിലേയ്ക്ക് ബന്ധപ്പെട്ട മേഖലയിൽ നിന്നല്ലാത്ത ഏതൊരാളിനെയും നിയോഗിക്കാവുന്ന വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

അവധാനതയില്ലാതെ തയ്യാറാക്കിയതിനാൽ നിയമപരമായി അവ്യക്തതകൾ ഉള്ള ബില്ലിനോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

അനൂപ് ജേക്കബ് (ഒപ്പ്)

കുറുക്കോളി മൊയ്തീൻ (ഒപ്പ്)

# വിയോജനക്കുറിപ്പ്-3

ബില്ലിന്റെ ഖണ്ഡം 7 പ്രകാരം ഭേദഗതി ചെയ്യുന്ന വകുപ്പ് 8(1)(c)യിൽ, പുതിയതായി നിയമിക്കപ്പെടുന്ന ചാൻസലറുടെ കാര്യാലയം സർവ്വകലാശാലയുടെ ആസ്ഥാനത്തായിരിക്കും എന്നും സർവ്വകലാശാല പ്രസ്തുത കാര്യാലയത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നൽകണമെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു.

പ്രസ്തുത വ്യവസ്ഥകൾ പ്രകാരം ചാൻസലറുടെ കാര്യാലയത്തിനും അവിടെ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്കും വേണ്ടി സർവ്വകലാശാല ഫണ്ടിൽ നിന്നും പണം വിനിയോഗിക്കേണ്ടതായി വരുന്നതാണ്. ബിൽ നിയമമാകുമ്പോൾ യൂണിവേഴ്സിറ്റി ഫണ്ടിൽ നിന്നും ഉണ്ടാകാവുന്ന ആവർത്തകവും അനാവർത്തകവുമായ ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല.

ബില്ലിന്റെ ഖണ്ഡം 7 (എ) പ്രകാരം പകരം ചേർക്കുന്ന വകുപ്പ് 8(1) അനുസരിച്ച് സർവ്വകലാശാലയുടെ ചാൻസലറെ നിയമിക്കുന്നത് സർക്കാർ ആണ്. അതായത് നിയമന അധികാരി മന്ത്രിസഭയാണ്.

ഡിജിറ്റൽ സർവ്വകലാശാല നിയമത്തിലെ വകുപ്പ് 9(3) പ്രകാരം മുഖ്യമന്ത്രിയാണ് പ്രസ്തുത സർവ്വകലാശാലയുടെ പ്രോ-ചാൻസലർ. പ്രസ്തുത നിയമത്തിന്റെ വകുപ്പ് 9(2), 9(3) എന്നിവ താഴെപ്പറയും പ്രകാരം പരാമർശിക്കുന്നു.

"(2) ചാൻസലറുടെ അഭാവത്തിലോ അദ്ദേഹത്തിന് പ്രവർത്തിക്കാൻ കഴിയാത്ത അവസരത്തിലോ സർവ്വകലാശാലയുടെ ബിരുദദാന സമ്മേളനങ്ങളിൽ ആദ്ധ്യക്ഷം വഹിക്കുന്നതുൾപ്പെടെ, ചാൻസലറുടെ എല്ലാ അധികാരങ്ങളും പ്രോ-ചാൻസലർ വിനിയോഗിക്കേണ്ടതും എല്ലാ ചുമതലകളും നിർവ്വഹിക്കേണ്ടതുമാണ്.

(3) ചാൻസലർ രേഖാമൂലമുള്ള ഉത്തരവിനാൽ പ്രോ-ചാൻസലർക്ക് ഏൽപ്പിച്ചു കൊടുക്കുന്ന ചാൻസലറുടെ അങ്ങനെയുള്ള അധികാരങ്ങൾ കൂടി പ്രോ-ചാൻസലർ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള ചുമതലകൾ കൂടി നിർവ്വഹിക്കേണ്ടതും അപ്രകാരമുള്ള ഏൽപ്പിച്ചുകൊടുക്കൽ അപ്രകാരമുള്ള ഉത്തരവിൽ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള നിയന്ത്രണങ്ങൾക്കും നിബന്ധനകൾക്കും വിധേയമാകാവുന്നതുമാണ്."

അതായത് ചാൻസലറുടെ നിയമന അധികാരിയായ മുഖ്യമന്ത്രി, ചാൻസലർ delegate ചെയ്തു നൽകുന്ന അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കുവാൻ ബാധ്യസ്ഥനായി തീർന്നിരിക്കുന്നു. വകുപ്പ് 9(3) പ്രകാരമുള്ള power delegation-ന്റെ നിയമ സാധുതയിൽ അവ്യക്തതയുണ്ട്.

ബില്ലിൽ ചാൻസലർക്ക് യോഗ്യത നിശ്ചയിച്ചിട്ടില്ല. സർവ്വകലാശാലയുടെ ചാൻസലർ പദവിയിലേക്ക് ബന്ധപ്പെട്ട മേഖലയിൽ നിന്നല്ലാത്ത ഏതൊരാളിനെയും നിയോഗിക്കാവുന്ന വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

അവധാനതയില്ലാതെ തയ്യാറാക്കിയതിനാൽ നിയമപരമായി അവ്യക്തതകൾ ഉള്ള ബില്ലിനോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

വി. ഡി. സതീശൻ (ഒപ്പ്)

പി. കെ. കുഞ്ഞാലിക്കുട്ടി (ഒപ്പ്)

അനുബന്ധം II

# 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ

( സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

[അടിവരയിട്ടതും വശത്ത് വരച്ചതും സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികളെ സൂചിപ്പിക്കുന്നു]

1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും 2010-ലെ കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല ആക്റ്റും 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റും 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റും 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്റ്റും 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ആക്റ്റും വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും (1986-ലെ 31) 2010-ലെ കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല ആക്റ്റും (2011-ലെ 5) 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റും (2013-ലെ 24) 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും (2015-ലെ 17) 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്റ്റും (2021-ലെ 1) 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ആക്റ്റും (2021-ലെ 10) ഇനിപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 1986-ലെ 31-ാം ആക്റ്റിനുള്ള ഭേദഗതി.—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിലെ (1986-ലെ 31),—

(എ) 8-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) സർക്കാർ, വളരെ പ്രശസ്തനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും വെറ്ററിനറി ശാസ്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രം, സാങ്കേതികശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഹ്യുമാനിറ്റീസ്, സാഹിത്യം, കല, സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ്.

(1എ) ചാൻസലർ, അയാൾ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലയളവിലേയ്ക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്.

(1ബി) ചാൻസലറായി നിയമിക്കപ്പെട്ട ഒരാളിന് ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(1സി) ചാൻസലറുടെ സ്ഥാനം പ്രതിഫലം പറ്റാത്ത ഒരു സ്ഥാനമായിരിക്കുന്നതാണ്. ചാൻസലറുടെ കാര്യാലയം സർവ്വകലാശാലയുടെ ആസ്ഥാനത്ത് ആയിരിക്കുന്നതും സർവ്വകലാശാല, അയാളുടെ കാര്യാലയത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നൽകേണ്ടതുമാണ്.

(1ഡി) ചാൻസലർക്ക്, സർക്കാരിന് രേഖാമൂലം രാജി സമർപ്പിക്കാവുന്നതാണ്.

(1ഇ) ചാൻസലറുടെ രാജി, സർക്കാർ അത് സ്വീകരിക്കുകയും കർത്തവ്യങ്ങളിൽ നിന്നും അയാളെ വിടുതൽ ചെയ്യുകയും ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(1എഫ്) സർക്കാരിന്, ഉത്തരവ് മൂലം, ചാൻസലറെ, അയാൾ,—

(എ) ഒരു നിർദ്ധനനായി പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ബി) ശാരീരികമോ മാനസികമോ ആയ അവശതമൂലം അപ്രകാരം തുടരുന്നതിന് അയോഗ്യനായിത്തീരുകയോ; അല്ലെങ്കിൽ

(സി) ബുദ്ധിസ്ഥിരത ഇല്ലാതായിത്തീരുകയും ക്ഷമതയുള്ള ഒരു കോടതി മുഖാന്തരം അപ്രകാരം പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ഡി) സാന്മാർഗിക ദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന്, ഒരു ക്ഷമതയുള്ള കോടതി മുഖാന്തരം കുറ്റം സ്ഥാപിക്കപ്പെടുകയും തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയും ചെയ്യുകയോ,

ചെയ്യുന്ന പക്ഷം അയാളുടെ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.

(1ജി) സർക്കാരിന്, ഗുരുതരമായ പെരുമാറ്റദൂഷ്യത്തിന്മേലുള്ള ആരോപണങ്ങളിന്മേലോ മറ്റേതെങ്കിലും ശരിയായതും മതിയായതുമായ കാരണങ്ങളിന്മേലോ ലിഖിതമായ ഒരു ഉത്തരവ് വഴി, ചാൻസലറെ ഔദ്യോഗികസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, സർക്കാർ, ഈ ആവശ്യത്തിലേയ്ക്കായി നിയമിക്കുന്ന സുപ്രീം കോടതിയിലെയോ ഹൈക്കോടതിയിലെയോ ഒരു ജഡ്ജി ആയിരുന്ന ഒരാൾ നടത്തുന്ന ഒരു അന്വേഷണം വഴി അങ്ങനെയുള്ള ആരോപണങ്ങൾ തെളിയിക്കപ്പെടേണ്ടതാണ് :

എന്നുമാത്രമല്ല, അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകാതെ അയാളെ നീക്കം ചെയ്യാൻ പാടുള്ളതല്ല." ;

(ബി) 11-ാം വകുപ്പിൽ (16)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(16) വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് ഒരു താൽക്കാലിക ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-ചാൻസലറുമായി കൂടിയാലോചിച്ച്, വൈസ്-ചാൻസലർ അയാളുടെ കർത്തവ്യങ്ങൾ പുനരാരംഭിക്കുന്ന തീയതി വരെ, വൈസ്-ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.".

3. <u>2011-ലെ 5-ാം ആക്റ്റിനുള്ള ഭേദഗതി</u>.—2010-ലെ കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല ആക്റ്റിലെ (2011-ലെ 5),—

(എ) 31-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

" (1) സർക്കാർ, വളരെ പ്രശസ്തനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും വെറ്ററിനറി ശാസ്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രം, സാങ്കേതികശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഹ്യൂമാനിറ്റീസ്, സാഹിത്യം, കല, സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ്.

(1എ) ചാൻസലർ, അയാൾ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലയളവിലേയ്ക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്.

(1ബി) ചാൻസലറായി നിയമിക്കപ്പെട്ട ഒരാളിന് ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(1സി) ചാൻസലറുടെ സ്ഥാനം പ്രതിഫലം പറ്റാത്ത ഒരു സ്ഥാനമായിരിക്കുന്നതാണ്. ചാൻസലറുടെ കാര്യാലയം സർവ്വകലാശാലയുടെ ആസ്ഥാനത്ത് ആയിരിക്കുന്നതും സർവ്വകലാശാല, അയാളുടെ കാര്യാലയത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നൽകേണ്ടതുമാണ്.

(1ഡി) ചാൻസലർക്ക്, സർക്കാരിന് രേഖാമൂലം രാജി സമർപ്പിക്കാവുന്നതാണ്.

(1ഇ) ചാൻസലറുടെ രാജി, സർക്കാർ അത് സ്വീകരിക്കുകയും കർത്തവ്യങ്ങളിൽ നിന്നും അയാളെ വിടുതൽ ചെയ്യുകയും ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(1എഫ്) സർക്കാരിന്, ഉത്തരവ് മൂലം, ചാൻസലറെ, അയാൾ,—

(എ) ഒരു നിർദ്ധനനായി പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ബി) ശാരീരികമോ മാനസികമോ ആയ അവശതമൂലം അപ്രകാരം തുടരുന്നതിന് അയോഗ്യനായിത്തീരുകയോ; അല്ലെങ്കിൽ

(സി) ബുദ്ധിസ്ഥിരത ഇല്ലാതായിത്തീരുകയും ക്ഷമതയുള്ള ഒരു കോടതി മുഖാന്തരം അപ്രകാരം പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ഡി) സാന്മാർഗിക ദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന്, ഒരു ക്ഷമതയുള്ള കോടതി മുഖാന്തരം കുറ്റം സ്ഥാപിക്കപ്പെടുകയും തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയും ചെയ്യുകയോ,

ചെയ്യുന്ന പക്ഷം അയാളുടെ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.

(1ജി) സർക്കാരിന്, ഗുരുതരമായ പെരുമാറ്റദൂഷ്യത്തിന്മേലുള്ള ആരോപണങ്ങളിന്മേലോ മറ്റേതെങ്കിലും ശരിയായതും മതിയായതുമായ കാരണങ്ങളിന്മേലോ ലിഖിതമായ ഒരു ഉത്തരവ് വഴി, ചാൻസലറെ ഔദ്യോഗികസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, സർക്കാർ, ഈ ആവശ്യത്തിലേയ്ക്കായി നിയമിക്കുന്ന സുപ്രീം കോടതിയിലെയോ ഹൈക്കോടതിയിലെയോ ഒരു ജഡ്ജി ആയിരുന്ന ഒരാൾ നടത്തുന്ന ഒരു അന്വേഷണം വഴി അങ്ങനെയുള്ള ആരോപണങ്ങൾ തെളിയിക്കപ്പെടേണ്ടതാണ് :

എന്നുമാത്രമല്ല, അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകാതെ അയാളെ നീക്കം ചെയ്യാൻ പാടുള്ളതല്ല.";

(ബി) 33-ാം വകുപ്പിൽ (11)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" (11) വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് ഒരു താൽക്കാലിക ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-ചാൻസലറുമായി കൂടിയാലോചിച്ച്, വൈസ്-ചാൻസലർ അയാളുടെ കർത്തവ്യങ്ങൾ പുനരാരംഭിക്കുന്ന തീയതി വരെ, വൈസ്-ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.".

4. <u>2013-ലെ 24-ാം ആക്റ്റിനുള്ള ഭേദഗതി.</u>— 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിലെ (2013-ലെ 24),

(എ) 26-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) സർക്കാർ, വളരെ പ്രശസ്തനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും വെറ്ററിനറി ശാസ്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രം, സാങ്കേതികശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഹ്യുമാനിറ്റീസ്, സാഹിത്യം, കല, സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ്.

(1 <u>എ</u>) ചാൻസലർ, അയാൾ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലയളവിലേയ്ക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്.

(1 <u>ബി</u>) ചാൻസലറായി നിയമിക്കപ്പെട്ട ഒരാളിന് ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(1 <u>സി</u>) ചാൻസലറുടെ സ്ഥാനം പ്രതിഫലം പറ്റാത്ത ഒരു സ്ഥാനമായിരിക്കുന്നതാണ്. ചാൻസലറുടെ കാര്യാലയം സർവ്വകലാശാലയുടെ ആസ്ഥാനത്ത് ആയിരിക്കുന്നതും സർവ്വകലാശാല, അയാളുടെ കാര്യാലയത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നൽകേണ്ടതുമാണ്.

(1 ഡി) ചാൻസലർക്ക്, സർക്കാരിന് രേഖാമൂലം രാജി സമർപ്പിക്കാവുന്നതാണ്.

(1 ഇ) ചാൻസലറുടെ രാജി, സർക്കാർ അത് സ്വീകരിക്കുകയും കർത്തവ്യങ്ങളിൽ നിന്നും അയാളെ വിടുതൽ ചെയ്യുകയും ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(1 എഫ്) സർക്കാരിന്, ഉത്തരവ് മൂലം, ചാൻസലറെ, അയാൾ,—

(എ) ഒരു നിർദ്ധനനായി പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ബി) ശാരീരികമോ മാനസികമോ ആയ അവശതമൂലം അപ്രകാരം തുടരുന്നതിന് അയോഗ്യനായിത്തീരുകയോ; അല്ലെങ്കിൽ

(സി) ബുദ്ധിസ്ഥിരത ഇല്ലാതായിത്തീരുകയും ക്ഷമതയുള്ള ഒരു കോടതി മുഖാന്തരം അപ്രകാരം പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ഡി) സാന്മാർഗിക ദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന്, ഒരു ക്ഷമതയുള്ള കോടതി മുഖാന്തരം കുറ്റം സ്ഥാപിക്കപ്പെടുകയും തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയും ചെയ്യുകയോ,

ചെയ്യുന്ന പക്ഷം അയാളുടെ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.

(1 ജി) സർക്കാരിന്, ഗുരുതരമായ പെരുമാറ്റദൂഷ്യത്തിന്മേലുള്ള ആരോപണങ്ങളിന്മേലോ മറ്റേതെങ്കിലും ശരിയായതും മതിയായതുമായ കാരണങ്ങളിന്മേലോ ലിഖിതമായ ഒരു ഉത്തരവ് വഴി, ചാൻസലറെ ഔദ്യോഗികസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, സർക്കാർ, ഈ ആവശ്യത്തിലേയ്ക്കായി നിയമിക്കുന്ന സുപ്രീം കോടതിയിലെയോ ഹൈക്കോടതിയിലെയോ ഒരു ജഡ്ജി ആയിരുന്ന ഒരാൾ നടത്തുന്ന ഒരു അന്വേഷണം വഴി അങ്ങനെയുള്ള ആരോപണങ്ങൾ തെളിയിക്കപ്പെടേണ്ടതാണ് :

എന്നുമാത്രമല്ല, അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകാതെ അയാളെ നീക്കം ചെയ്യാൻ പാടുള്ളതല്ല." ;

(ബി) 29-ാം വകുപ്പിൽ,—

(i) (9)-ാം ഉപവകുപ്പിൽ "താൽക്കാലികമായതോ സ്ഥിരമായതോ ആയ" എന്നീ വാക്കുകൾക്കു പകരം "സ്ഥിരമായ" എന്ന വാക്ക് ചേർക്കേണ്ടതാണ്.;

(ii) (9)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(10) വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് ഒരു താൽക്കാലിക ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-ചാൻസലറുമായി കൂടിയാലോചിച്ച്, വൈസ്-ചാൻസലർ അയാളുടെ കർത്തവ്യങ്ങൾ പുനരാരംഭിക്കുന്ന തീയതി വരെ, വൈസ്-ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.".

5. 2015-ലെ 17-ാം ആക്റ്റിനുള്ള ഭേദഗതി.—2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിലെ (2015-ലെ 17),—

(എ) 10-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) സർക്കാർ, വളരെ പ്രശസ്തനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും വെറ്ററിനറി ശാസ്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രം, സാങ്കേതികശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഹ്യുമാനിറ്റീസ്, സാഹിത്യം, കല, സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ്.

(1എ) ചാൻസലർ, അയാൾ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലയളവിലേയ്ക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്.

(1ബി) ചാൻസലറായി നിയമിക്കപ്പെട്ട ഒരാളിന് ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(1സി) ചാൻസലറുടെ സ്ഥാനം പ്രതിഫലം പറ്റാത്ത ഒരു സ്ഥാനമായിരിക്കുന്നതാണ്. ചാൻസലറുടെ കാര്യാലയം സർവ്വകലാശാലയുടെ ആസ്ഥാനത്ത് ആയിരിക്കുന്നതും സർവ്വകലാശാല, അയാളുടെ കാര്യാലയത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നൽകേണ്ടതുമാണ്.

(1ഡി) ചാൻസലർക്ക്, സർക്കാരിന് രേഖാമൂലം രാജി സമർപ്പിക്കാവുന്നതാണ്.

(1ഇ) ചാൻസലറുടെ രാജി, സർക്കാർ അത് സ്വീകരിക്കുകയും കർത്തവ്യങ്ങളിൽ നിന്നും അയാളെ വിടുതൽ ചെയ്യുകയും ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(1എഫ്) സർക്കാരിന്, ഉത്തരവ് മൂലം, ചാൻസലറെ, അയാൾ,—

(എ) ഒരു നിർദ്ധനനായി പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ബി) ശാരീരികമോ മാനസികമോ ആയ അവശതമൂലം അപ്രകാരം തുടരുന്നതിന് അയോഗ്യനായിത്തീരുകയോ; അല്ലെങ്കിൽ

(സി) ബുദ്ധിസ്ഥിരത ഇല്ലാതായിത്തീരുകയും ക്ഷമതയുള്ള ഒരു കോടതി മുഖാന്തരം അപ്രകാരം പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ഡി) സാന്മാർഗിക ദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന്, ഒരു ക്ഷമതയുള്ള കോടതി മുഖാന്തരം കുറ്റം സ്ഥാപിക്കപ്പെടുകയും തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയും ചെയ്യുകയോ,

ചെയ്യുന്ന പക്ഷം അയാളുടെ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.

(1 ജി) സർക്കാരിന്, ഗുരുതരമായ പെരുമാറ്റദൂഷ്യത്തിന്മേലുള്ള ആരോപണങ്ങളിന്മേലോ മറ്റേതെങ്കിലും ശരിയായതും മതിയായതുമായ കാരണങ്ങളിന്മേലോ ലിഖിതമായ ഒരു ഉത്തരവ് വഴി, ചാൻസലറെ ഔദ്യോഗികസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, സർക്കാർ, ഈ ആവശ്യത്തിലേയ്ക്കായി നിയമിക്കുന്ന സുപ്രീം കോടതിയിലെയോ ഹൈക്കോടതിയിലെയോ ഒരു ജഡ്ജി ആയിരുന്ന ഒരാൾ നടത്തുന്ന ഒരു അന്വേഷണം വഴി അങ്ങനെയുള്ള ആരോപണങ്ങൾ തെളിയിക്കപ്പെടേണ്ടതാണ് :

എന്നുമാത്രമല്ല, അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകാതെ അയാളെ നീക്കം ചെയ്യാൻ പാടുള്ളതല്ല." ;

(ബി) 13-ാം വകുപ്പിൽ,—

(i) (7)-ാം ഉപവകുപ്പിൽ, (iii)-ാം ഖണ്ഡം വിട്ടുകളയേണ്ടതാണ് ;

(ii) (7)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(7 എ) വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് ഒരു താൽക്കാലിക ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-ചാൻസലറുമായി കൂടിയാലോചിച്ച്, വൈസ്-ചാൻസലർ അയാളുടെ കർത്തവ്യങ്ങൾ പുനരാരംഭിക്കുന്ന തീയതി വരെ, വൈസ്-ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.".

6. 2021-ലെ 1-ാം ആക്റ്റിനുള്ള ഭേദഗതി.—2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്റ്റിലെ (2021-ലെ 1),—

(എ) 8-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) സർക്കാർ, വളരെ പ്രശസ്തനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും വെറ്ററിനറി ശാസ്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രം, സാങ്കേതികശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഹ്യൂമാനിറ്റീസ്, സാഹിത്യം, കല, സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ യൂണിവേഴ്സിറ്റിയുടെ ചാൻസലറായി നിയമിക്കേണ്ടതാണ്.

(1എ) ചാൻസലർ, അയാൾ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലയളവിലേയ്ക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്.

(1ബി) ചാൻസലറായി നിയമിക്കപ്പെട്ട ഒരാളിന് ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(1സി) ചാൻസലറുടെ സ്ഥാനം പ്രതിഫലം പറ്റാത്ത ഒരു സ്ഥാനമായിരിക്കുന്നതാണ്. ചാൻസലറുടെ കാര്യാലയം യൂണിവേഴ്സിറ്റിയുടെ ആസ്ഥാനത്ത് ആയിരിക്കുന്നതും യൂണിവേഴ്സിറ്റി, അയാളുടെ കാര്യാലയത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നൽകേണ്ടതുമാണ്.

(1ഡി) ചാൻസലർക്ക്, സർക്കാരിന് രേഖാമൂലം രാജി സമർപ്പിക്കാവുന്നതാണ്.

(1ഇ) ചാൻസലറുടെ രാജി, സർക്കാർ അത് സ്വീകരിക്കുകയും കർത്തവ്യങ്ങളിൽ നിന്നും അയാളെ വിടുതൽ ചെയ്യുകയും ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(1എഫ്) സർക്കാരിന്, ഉത്തരവ് മൂലം, ചാൻസലറെ, അയാൾ,—

(എ) ഒരു നിർദ്ധനനായി പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ബി) ശാരീരികമോ മാനസികമോ ആയ അവശതമൂലം അപ്രകാരം തുടരുന്നതിന് അയോഗ്യനായിത്തീരുകയോ; അല്ലെങ്കിൽ

(സി) ബുദ്ധിസ്ഥിരത ഇല്ലാതായിത്തീരുകയും ക്ഷമതയുള്ള ഒരു കോടതി മുഖാന്തരം അപ്രകാരം പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ഡി) സാന്മാർഗിക ദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന്, ഒരു ക്ഷമതയുള്ള കോടതി മുഖാന്തരം കുറ്റം സ്ഥാപിക്കപ്പെടുകയും തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയും ചെയ്യുകയോ,

ചെയ്യുന്ന പക്ഷം അയാളുടെ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.

(1 ജി) സർക്കാരിന്, ഗുരുതരമായ പെരുമാറ്റദൂഷ്യത്തിന്മേലുള്ള ആരോപണങ്ങളിന്മേലോ മറ്റേതെങ്കിലും ശരിയായതും മതിയായതുമായ കാരണങ്ങളിന്മേലോ ലിഖിതമായ ഒരു ഉത്തരവ് വഴി, ചാൻസലറെ ഔദ്യോഗികസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, സർക്കാർ, ഈ ആവശ്യത്തിലേയ്ക്കായി നിയമിക്കുന്ന സുപ്രീം കോടതിയിലെയോ ഹൈക്കോടതിയിലെയോ ഒരു ജഡ്ജി ആയിരുന്ന ഒരാൾ നടത്തുന്ന ഒരു അന്വേഷണം വഴി അങ്ങനെയുള്ള ആരോപണങ്ങൾ തെളിയിക്കപ്പെടേണ്ടതാണ് :

എന്നുമാത്രമല്ല, അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകാതെ അയാളെ നീക്കം ചെയ്യാൻ പാടുള്ളതല്ല." ;

(ബി) 11-ാം വകുപ്പിൽ,—

(i) (6)-ാം ഉപവകുപ്പിൽ, (iii)-ാം ഖണ്ഡം വിട്ടുകളയേണ്ടതാണ് ;

(ii)(6)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

" (6 എ) വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് ഒരു താൽക്കാലിക ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-ചാൻസലറുമായി കൂടിയാലോചിച്ച്, വൈസ്-ചാൻസലർ അയാളുടെ കർത്തവ്യങ്ങൾ പുനരാരംഭിക്കുന്ന തീയതി വരെ, വൈസ്-ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.".

7. 2021-ലെ 10-ാം ആക്റ്റിനുള്ള ഭേദഗതി.—2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ആക്റ്റിലെ (2021-ലെ 10),—

(എ) 8-ാം വകുപ്പ് (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) സർക്കാർ, വളരെ പ്രശസ്തനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും വെറ്ററിനറി ശാസ്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രം, സാങ്കേതികശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഹ്യൂമാനിറ്റീസ്, സാഹിത്യം, കല, സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ്.

(1 എ) ചാൻസലർ, അയാൾ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലയളവിലേയ്ക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്.

(1 ബി) ചാൻസലറായി നിയമിക്കപ്പെട്ട ഒരാളിന് ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(1 സി) ചാൻസലറുടെ സ്ഥാനം പ്രതിഫലം പറ്റാത്ത ഒരു സ്ഥാനമായിരിക്കുന്നതാണ്. ചാൻസലറുടെ കാര്യാലയം സർവ്വകലാശാലയുടെ ആസ്ഥാനത്ത് ആയിരിക്കുന്നതും സർവ്വകലാശാല, അയാളുടെ കാര്യാലയത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നൽകേണ്ടതുമാണ്.

(1 ഡി) ചാൻസലർക്ക്, സർക്കാരിന് രേഖാമൂലം രാജി സമർപ്പിക്കാവുന്നതാണ്.

(1 ഇ) ചാൻസലറുടെ രാജി, സർക്കാർ അത് സ്വീകരിക്കുകയും കർത്തവ്യങ്ങളിൽ നിന്നും അയാളെ വിടുതൽ ചെയ്യുകയും ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(1 എഫ്) സർക്കാരിന്, ഉത്തരവ് മൂലം, ചാൻസലറെ, അയാൾ,—

(എ) ഒരു നിർദ്ധനനായി പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ബി) ശാരീരികമോ മാനസികമോ ആയ അവശതമൂലം അപ്രകാരം തുടരുന്നതിന് അയോഗ്യനായിത്തീരുകയോ; അല്ലെങ്കിൽ

(സി) ബുദ്ധിസ്ഥിരത ഇല്ലാതായിത്തീരുകയും ക്ഷമതയുള്ള ഒരു കോടതി മുഖാന്തരം അപ്രകാരം പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ഡി) സാന്മാർഗിക ദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന്, ഒരു ക്ഷമതയുള്ള കോടതി മുഖാന്തരം കുറ്റം സ്ഥാപിക്കപ്പെടുകയും തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയും ചെയ്യുകയോ,

ചെയ്യുന്ന പക്ഷം അയാളുടെ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.

(1ജി) സർക്കാരിന്, ഗുരുതരമായ പെരുമാറ്റദൂഷ്യത്തിന്മേലുള്ള ആരോപണങ്ങളിന്മേലോ മറ്റേതെങ്കിലും ശരിയായതും മതിയായതുമായ കാരണങ്ങളിന്മേലോ ലിഖിതമായ ഒരു ഉത്തരവ് വഴി, ചാൻസലറെ ഔദ്യോഗികസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, സർക്കാർ, ഈ ആവശ്യത്തിലേയ്ക്കായി നിയമിക്കുന്ന സുപ്രീം കോടതിയിലെയോ ഹൈക്കോടതിയിലെയോ ഒരു ജഡ്ജി ആയിരുന്ന ഒരാൾ നടത്തുന്ന ഒരു അന്വേഷണം വഴി അങ്ങനെയുള്ള ആരോപണങ്ങൾ തെളിയിക്കപ്പെടേണ്ടതാണ് :

എന്നുമാത്രമല്ല, അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകാതെ അയാളെ നീക്കം ചെയ്യാൻ പാടുള്ളതല്ല.";

(ബി) 11-ാം വകുപ്പിൽ (10)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(10) വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് ഒരു താൽക്കാലിക ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-ചാൻസലറുമായി കൂടിയാലോചിച്ച്, വൈസ്-ചാൻസലർ അയാളുടെ കർത്തവ്യങ്ങൾ പുനരാരംഭിക്കുന്ന തീയതി വരെ, വൈസ്-ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.".

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം ,
2022 ഡിസംബർ 7.

**എ. എം. ബഷീർ,**
*സെക്രട്ടറി.*